# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **898** — **09/8/2017** -ലെ മറുപടി

## അരുവിക്കര ഡാമിലെ ജലശുചീകരണ പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എസ്.ശബരീനാഥ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വി.എസ്.ശിവകുമാർ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അരുവിക്കര ഡാമിലെ ജലശുചീകരണ പ്ലാന്റ് നവീകരിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) അരുവിക്കര സ്ഥിതി ചെയ്യുന്ന 72 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടേയും, വെള്ളയമ്പലത്ത് സ്ഥിതി ചെയ്യുന്ന 36 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയുടേയും നവീകരണ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ട ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഉപകരണങ്ങൾ 90 ശതമാനവും സ്ഥാപിച്ചു കഴിഞ്ഞു. പദ്ധതിയിൽ ഏഴ് പുതിയ കെട്ടിടങ്ങൾ നിർമ്മാണം ഉൾകൊള്ളിച്ചിട്ടുള്ളതിൽ 6 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ഒരു കെട്ടിടത്തിന്റെ പണികൾ അന്തിമ ഘട്ടത്തിലുമാണ്. അരുവിക്കര, വെള്ളയമ്പലം എന്നീ ശുദ്ധീകരണശാലകളിൽ നിലവിലുള്ള 17 ഫിൽറ്റർ ബെഡ്ഡുകളിൽ 5 എണ്ണത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു.<br>അരുവിക്കരയിലുള്ള സെറ്റ്-ലിങ് ടാങ്കിന്റെ നവീകരണം, നിലവിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച യന്ത്ര സാമഗ്രികളുടെ പ്രവർത്തിപ്പിക്കൽ, 12 ഫിൽറ്റർ ബഡ്ഡുകളുടെ നവീകരണം മുതലായ പ്രവർത്തികൾ അവശേഷിക്കുന്നു. നവീകരണ പ്രവർത്തികൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു; | (ബി) 29 കോടി രൂപ |

| | |
|---|---|
| (സി) കരാർ ഏറ്റെടുത്ത തമിഴ്നാട്ടിലെ കമ്പനിയുടെ അലംഭാവം കാരണം നവീകരണ പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കരാർ ഏറ്റെടുത്ത കമ്പനിയുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും, തൊഴിലാളികളുടെ ക്ഷാമവും കാരണം കരാറുകാരന്റെ ഭാഗത്തു നിന്നും പണികൾ ഇടയ്ക്ക് മുടങ്ങിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലവിതരണം നടത്തുന്ന അരുവിക്കരയിലെ 72 ദശലക്ഷം ശേഷിയുള്ള പ്ലാന്റും വെള്ളയമ്പലത്ത് സ്ഥിതിചെയ്യുന്ന 36 ദശലക്ഷം ശേഷിയുള്ള പ്ലാന്റും പൂർണ്ണമായോ ഭാഗീകമായോ നിറുത്തി വച്ചാൽ മാത്രമേ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏറെക്കുറെ പണികളും ചെയ്യുവാൻ കഴിയുകയുള്ളൂ. മുൻവർഷങ്ങളിൽ തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെട്ട രൂക്ഷമായ വരൾച്ച കാരണം ജലവിതരണം തടസ്സപ്പെടാതിരിക്കാൻ പ്ലാന്റുകൾ നിറുത്തിവച്ച് പണികൾ ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താലും പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. 20/7/2017-ൽ ചീഫ് എഞ്ചിനീയർ (ജിക്ക)യുടെ ഓഫീസിൽ കൂടിയ അവലോകന യോഗത്തിൽ ബന്ധപ്പെട്ട കരാറുകാരനോട് നവീകരണ പ്രവർത്തനങ്ങൾ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

Reeb

സെക്ഷൻ ഓഫീസർ

JSK/